പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 301

# 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 301

# 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ

16/2010.

# 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ

## 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ഇനി പറയുന്ന ആവശ്യങ്ങൾക്കായി 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, (ഇ) ഖണ്ഡത്തിനുശേഷം, ഇനി പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(എഫ്) നൂറു രൂപയും അതിൽ കൂടുതലും വിലയുള്ള സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഒരു കരാർ നടപ്പിലാക്കാനോ നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ പ്രമാണങ്ങൾ ;

(ജി) ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളുടെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ അഥവാ സഹോദരി എന്നിവരുടെ പേർക്ക് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതൊഴികെയുള്ള നൂറു രൂപയും അതിൽ കൂടുതലും വിലയുള്ളതുമായ സ്ഥാവര വസ്തുക്കളുടെ നടത്തിപ്പിനുള്ള ഏതെങ്കിലും അധികാരം അഥവാ അവകാശം, ഭരണനിർവ്വഹണം, വികസിപ്പിക്കൽ, കൈമാറ്റം അഥവാ മറ്റേതെങ്കിലും തരത്തിലുള്ള ഇടപാടുകൾ സൃഷ്ടിച്ചുകൊണ്ടുള്ള മുക്ത്യാർ.";

(ii) രണ്ടാം ഉപവകുപ്പിലെ വിശദീകരണം വിട്ടുകളയേണ്ടതാണ്.

3. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 71-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുശേഷം, ഇനി പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(3) യാതൊരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനും, കേരള സർക്കാരിന്റെ വകയായിട്ടു ള്ളതോ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതോ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ വകയായിട്ടുള്ളതോ ആയ സ്ഥാവര വസ്തുക്കളുടെ വില്പന യ്ക്കുള്ള കരാർ ഉൾപ്പെടെ വസ്തു കൈമാറ്റം ഉൾക്കൊള്ളുന്ന ഏതൊരു രേഖയോടൊ പ്പവും, സംസ്ഥാന സർക്കാർ ഇതിലേക്കായി പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ള ഒരു 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ഹാജരാക്കാത്തപക്ഷം, രജിസ്ട്രേ ഷന് സ്വീകരിക്കാൻ പാടുള്ളതല്ല.".

4. 83 എ, 83 ബി എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 83-ാം വകുപ്പിനുശേഷം, ഇനി പറയുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"83എ. ചില സംഗതികളിൽ രജിസ്റ്റർ ചെയ്ത രേഖകളുടെ റദ്ദാക്കൽ.—(1) രജിസ്ട്രേഷൻ വകുപ്പിലെ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ പദവി യിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ, ഏതെങ്കിലും ഒരാൾ വ്യാജമായി മറ്റൊരാളായി ആൾമാറാട്ടം നടത്തി, അങ്ങനെ കൈക്കൊണ്ട പ്രകൃതത്തിൽ, ഏതെങ്കിലും രേഖ ഹാജരാക്കുകയും ഒപ്പിട്ടു പൂർത്തികരണം സമ്മതിക്കുകയും ഒരു രജിസ്റ്ററിംഗ് ആഫീസർ വഴി രജിസ്റ്റർ ചെയ്യിക്കുകയും, അങ്ങനെയുള്ള ഒരു രേഖയുടെ നിലവിലിരിക്കൽ മറ്റൊരാളുടെ താല്പര്യങ്ങൾക്ക് ഹാനികരമാണെന്ന് കണ്ടെത്തുകയാണെ ങ്കിൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പ്രസ്തുത രേഖ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അദ്ദേഹത്തിന് നൽകുന്ന അപേക്ഷയിൻമേൽ, റദ്ദാക്കേണ്ടതാണ്.

(2) ജില്ലാ കളക്ടർ, സ്വമേധയായോ തനിക്ക് ലഭിച്ച ഒരു പരാതിയുടെ അടി സ്ഥാനത്തിലോ നടത്തുന്ന അന്വേഷണത്തിൽ, 71-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം അനുവർത്തിക്കാതെ ഒരു വ്യാജരേഖയുടെ പിൻബ ലത്തിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് ഏതെങ്കിലും സർക്കാർ ഭൂമിയോ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയോ കൈമാറ്റം ചെയ്യപ്പെട്ടു എന്നു കണ്ടെത്തു കയാണെങ്കിൽ, അങ്ങനെയുള്ള രേഖയുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് ജില്ലാ കളക്ടർ ശുപാർശ ചെയ്യേണ്ടതാണ്.

(3) ജില്ലാ കളക്ടറിൽ നിന്നും അങ്ങനെയുള്ള ശുപാർശ ലഭിച്ചാൽ, നിർണ്ണയി ക്കപ്പെട്ടിട്ടുള്ള നടപടിക്രമം അനുവർത്തിച്ചതിനുശേഷം, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, അങ്ങനെയുള്ള രേഖയുടെ രജിസ്ട്രേഷൻ റദ്ദാക്കേണ്ടതാണ്.

83ബി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവുകൾക്കെതിരെ സർക്കാരിനുള്ള അപ്പീൽ.—രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ, 83എ വകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, ആ ഉത്തരവ് ലഭിച്ച് മുപ്പതു ദിവസത്തിനകം സർക്കാർ മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവു ന്നതും, സർക്കാർ, അവർക്ക് യുക്തമെന്നു കരുതുന്നപോലെ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവ് സ്ഥിരപ്പെടുത്തുകയോ, രൂപഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ ചെയ്തുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ഭൂമിക്ക് ഉയർന്ന ആവശ്യമുള്ളതുകാരണം, സ്ഥാവര വസ്തുക്കൾ (റിയൽ എസ്റ്റേറ്റ്) ലാഭം ലാക്കാക്കിയുള്ള കച്ചവടത്തിന്റെ ഒരു പ്രധാന മേഖലയായിത്തീരുകയും, സർക്കാരിന്റെയോ, പ്രവാസി ഭാരതീയരുടെയോ, നിർദ്ധനരായ നിരക്ഷരരുടെയോ ഉടമസ്ഥതയിലുള്ള ഭൂമി തട്ടിയെടുക്കുന്നതിന് വ്യാജ രേഖകൾ ചമയ്ക്കുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ സ്ഥാവര വസ്തുവിന്റെ വില്പന കരാറിന് രജിസ്ട്രേഷൻ നിർബന്ധിതമാക്കിക്കൊണ്ടുള്ള ഒരു വ്യവസ്ഥയുടെ അഭാവം സാമ്പത്തിക കുറ്റവാളികൾ സ്ഥാവര വസ്തുക്കളുടെ ഇടപാട് നടത്തുന്നതിനായി ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണെന്നും അത് ലാഭം ലാക്കാക്കിയുള്ള കച്ചവടത്തിന്റെ ഭാഗമാക്കിക്കൊണ്ട് അമിത സമ്പത്തുണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അവരുടെ അന്യായാർജ്ജിത സമ്പത്ത് നിക്ഷേപിക്കപ്പെടുകയാണെന്നുമുള്ള ഒരു പൊതു ധാരണയുണ്ട്. മേൽപ്പറഞ്ഞ ഇടപാടുകൾ തടയുന്നതിനും, സർക്കാരിന്റെയോ മറ്റു പൊതു മേഖലാ സ്ഥാപനങ്ങളുടെയോ വകയായിട്ടുള്ള ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റം ഉൾക്കൊള്ളുന്ന രേഖകളുടെ രജിസ്ട്രേഷൻ നിരസിക്കുന്നതിനുംകൂടി ഇപ്പോൾ നിലവിലിരിക്കുന്ന ആക്റ്റിൽ യാതൊരു വ്യവസ്ഥയും ഇല്ലാത്തതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ സംസ്ഥാന ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു. സംസ്ഥാനത്ത്, വില്പന കരാറിന്റെ പ്രമാണങ്ങളും മുക്ത്യാറും നിർബന്ധിതമായും രജിസ്റ്റർ ചെയ്യപ്പെടേണ്ട രേഖകൾ അല്ല. ആയതിനാൽ, വില്പന കരാറിന്റെ രജിസ്ട്രേഷൻ നിർബന്ധിതമാക്കുന്നതിനും കുടുംബാംഗങ്ങൾ തമ്മിൽ ഒപ്പിട്ടു പൂർത്തീകരിച്ച അവകാശങ്ങൾ സൃഷ്ടിക്കുന്നതൊഴികെയുള്ള മുക്ത്യാറും നിർബന്ധിതമായും രജിസ്റ്റർ ചെയ്തിരിക്കേണ്ട രേഖകളാക്കുന്നതിനും വ്യവസ്ഥകൾ ഉണ്ടാക്കുവാൻ തീരുമാനിച്ചു. 17-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ (എഫ്)-ഉം (ജി)-ഉം ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിക്കുന്നു.

കേരള സർക്കാരിന്റെയോ സംസ്ഥാനത്തെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയോ വകയായതോ നിക്ഷിപ്തമായതോ ആയ സ്ഥാവര വസ്തുവുംകൂടി വഞ്ചനാപൂർവ്വമായി കൈമാറ്റം ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയോ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയോ വകയായ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റം ഉൾക്കൊള്ളുന്ന രേഖകളുടെ രജിസ്ട്രേഷൻ നിരസിക്കുന്നതിന് ഇപ്പോൾ നിലവിലിരുക്കുന്ന ആക്റ്റിൽ യാതൊരു വ്യവസ്ഥയും ഇല്ലാത്തതിനാൽ, സർക്കാർ വസ്തുവിന്റെ കൈമാറ്റം ഉൾക്കൊള്ളുന്ന രേഖകൾ, അവ സംസ്ഥാന സർക്കാർ പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ നൽകുന്ന ഒരു 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' സഹിതമല്ലാത്തപക്ഷം രജിസ്ട്രേഷനുവേണ്ടി സ്വീകരിക്കുന്നതിൽനിന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരെ തടയുന്നതിന് സർക്കാർ തീരുമാനിച്ചു. 71-ാം വകുപ്പിൽ (3)-ാം ഉപവകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ഇപ്പോൾ നിലനിൽക്കുന്ന ആക്റ്റ്, വഞ്ചനാപൂർവ്വമായ മാർഗ്ഗങ്ങളിലൂടെ രജിസ്റ്റർ ചെയ്യപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള രേഖകൾ റദ്ദാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നില്ല. അതിനാൽ, മറ്റൊരു വ്യക്തിയുടെ താത്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ ഏതെങ്കിലും ഒരാൾ വ്യാജമായി മറ്റൊരാളായി ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്യിപ്പിച്ച രേഖകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുവേണ്ടിയും 71-ാം വകുപ്പ് (3)-ാം

ഉപവകുപ്പിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം അനുവർത്തിക്കാതെ ഒപ്പിട്ടുപൂർത്തീകരിച്ചിട്ടുള്ള വ്യാജ രേഖകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും കൂടിയുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു. വ്യാജരേഖകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. മേൽപ്പറഞ്ഞ ആവശ്യത്തിനായാണ് 83എ, 83ബി എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുന്നത്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡംമൂലം, പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന പുതിയ വകുപ്പ് 83എ, ചില സംഗതികളിൽ രജിസ്റ്റർ ചെയ്ത രേഖകളുടെ റദ്ദാക്കലിനുവേണ്ടിയുള്ള അപേക്ഷയുടെ ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

മേൽ സംഗതി സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എസ്. ശർമ്മ

(ശരിത്തർജ്ജമ)

## 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്)

** ** ** **

17. രജിസ്ട്രേഷൻ നിർബന്ധമായുള്ള രേഖകൾ.—(1) താഴെപ്പറയുന്ന രേഖകൾ, അവയുമായി ബന്ധപ്പെടുന്ന വസ്തു, 1864-ലെ 16-ാം നമ്പർ ആക്റ്റോ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1866-ഓ (1866-ലെ 20) ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1871-ഓ (1871-ലെ 8), ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1877-ഓ (1877-ലെ 3), ഈ ആക്റ്റോ, പ്രാബല്യത്തിൽ വന്നതോ, വരുന്നതോ ആയ ജില്ലയിൽ സ്ഥിതി ചെയ്യുകയാണെങ്കിലും അവ ഈ ആക്റ്റുകൾ പ്രാബല്യത്തിൽ വന്നതോ വരുന്നതോ ആയ തീയതിയോ തീയതിക്കുശേഷമോ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും, രജിസ്റ്റർ ചെയ്യേണ്ട താകുന്നു, അതായത്:—

(ക) സ്ഥാവരവസ്തുദാന പ്രമാണങ്ങൾ ;

** ** ** **

(ങ) ഒരു കോടതിയുടെ ഏതങ്കിലും വിധിയോ ഉത്തരവോ, അല്ലെങ്കിൽ ഏതെങ്കിലും അവാർഡോ അങ്ങനെയുള്ള വിധിയോ, ഉത്തരവോ, അവാർഡോ-സ്ഥാവര വസ്തുവിനോ, സ്ഥാവരവസ്തുവിലോ നിക്ഷിപ്തമായതോ സമാശ്രിതമായതോ ആയാലും നൂറു രൂപയോ അതിൽ കൂടുതലോ മൂല്യമുള്ള ഏതെങ്കിലും അവകാശമോ, ഉടമവകാശമോ, അവകാശബന്ധമോ വർത്തമാനകാലത്തോ ഭാവികാലത്തോ ആയാലും സൃഷ്ടിക്കുന്ന തിനോ, പ്രഖ്യാപിക്കുന്നതിനോ, തീറു കൊടുക്കുന്നതിനോ, പരിമിതപ്പെടുത്തുന്നതിനോ, ഇല്ലാതാക്കുന്നതിനോ, ഉദ്ദേശിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ, കൈമാറ്റം ചെയുന്നതിനോ തീറു കൊടുക്കുന്നതോ ആയ മരണശാസനമല്ലാത്ത പ്രമാണങ്ങൾ:

എന്നാൽ സ്റ്റേറ്റ് ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ഏതെങ്കിലും ജില്ലയിലോ, ജില്ലയിലെ ഏതെങ്കിലും ഭാഗത്തോ വച്ച് ഒപ്പിട്ട് പൂർത്തീകരിച്ചതും അനുവദിച്ച കാലാവധി അഞ്ചു വർഷത്തിൽ കവിയാത്തതും, നീക്കി വച്ച വാർഷിക പാട്ടം അൻപതു രൂപയിൽ കവിയാത്തതുമായ പാട്ടച്ചീട്ടുകളെ ഈ ഉപ വകുപ്പിന്റെ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ഖ)-യും (ഗ)-യും ഖണ്ഡങ്ങളിലുള്ള യാതൊന്നും,—

(i) ഏതെങ്കിലും രാജിപ്രമാണം; അല്ലെങ്കിൽ

** ** ** **

(xii) ഒരു സിവിൽ ഉദ്യോഗസ്ഥനോ റവന്യൂ ഉദ്യോഗസ്ഥനോ പരസ്യലേലം വഴി വിൽക്കുന്ന ഏതെങ്കിലും വസ്തു വാങ്ങുന്ന ആൾക്ക് കൊടുക്കുന്ന ഏതെങ്കിലും വിൽപ്പന സർട്ടിഫിക്കറ്റ്.

വിശദീകരണം:—സ്ഥാവരവസ്തു വിൽക്കുന്നതിനുള്ള കാൺട്രാക്റ്റ് ഫലത്തിൽ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയ രേഖ, ഏതെങ്കിലും നിരതദ്രവ്യമോ, ക്രയത്തുക മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുന്ന ആഖ്യാനം അങ്ങനെയുള്ള രേഖയിൽ അടങ്ങിയിരിക്കുന്ന വസ്തുത കാരണത്താൽ മാത്രം, രജിസ്ട്രേഷൻ ആവശ്യപ്പെടുന്നതായോ എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുള്ളതായോ കരുതാൻ പാടുള്ളതല്ല.

** ** ** **

71. രജിസ്റ്റർ ചെയ്യുവാൻ നിരസിക്കുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന്.—(1) ഒരു രേഖ, ഏതു വസ്തു സംബന്ധിച്ചുള്ളതാണോ ആ വസ്തു, തന്റെ ഉപജില്ലയിൽ സ്ഥിതിചെയ്യുന്നില്ലെന്ന കാരണത്തിൻമേലല്ലാതെ, രജിസ്റ്റർ ചെയ്യുവാൻ നിരസിക്കുന്ന ഏതൊരു സബ് രജിസ്ട്രാരും, നിരസിക്കൽ ഉത്തരവ് ചെയ്യേണ്ടതും അങ്ങനെയുള്ള ഉത്തരവ് ചെയ്യുന്നതിനുള്ള കാരണങ്ങൾ തന്റെ 2-ാം നമ്പർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, 'രജിസ്ട്രേഷൻ നിരസിച്ചിരിക്കുന്നു' എന്ന വാക്കുകൾ ആ രേഖയിൽ പുറത്തെഴുതേണ്ടതും, ആ രേഖ ഒപ്പിട്ട് പൂർത്തീകരിക്കുകയോ അതിൻകീഴിൽ അവകാശപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ ബോധിപ്പിക്കുന്ന അപേക്ഷയിൻമേൽ അപ്രകാരം രേഖപ്പെടുത്തിയ കാരണങ്ങളുടെ ഒരു പകർപ്പ് പണം വാങ്ങാതെയും, അനാവശ്യമായ കാലതാമസം കൂടാതെയും അയാൾക്ക് കൊടുക്കേണ്ടതുമാകുന്നു.

(2) യാതൊരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനും, അപ്രകാരം പുറത്തെഴുതിയ ഒരു രേഖ, ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകളിൻകീഴിൽ രേഖ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിക്കപ്പെടാത്തപക്ഷവും നിർദ്ദേശിക്കപ്പെടുന്നതുവരെയും രജിസ്ട്രേഷനു സ്വീകരിക്കുവാൻ പാടുള്ളതല്ല.

** ** ** **

83. രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് പ്രോസിക്യൂഷൻ ആരംഭിക്കാമെന്ന്.—(1) തന്റെ ഔദ്യോഗിക നിലയിൽ ഒരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ അറിവിൽപ്പെടുന്ന, ഈ ആക്റ്റിന്റെ കീഴിലുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള പ്രോസിക്യൂഷൻ, കുറ്റം ചെയ്തിട്ടുള്ളത്, അതതു സംഗതിപോലെ, ഏത് ഇൻസ്പെക്ടർ ജനറലിന്റെയോ രജിസ്ട്രാരുടെയോ സബ്‌രജിസ്ട്രാരുടെയോ, രാജ്യക്ഷേത്രത്തിലോ, ജില്ലയിലോ, ഉപ ജില്ലയിലോ ആണ്, ആ ഇൻസ്പെക്ടർ ജനറലിനോ, രജിസ്ട്രാർക്കോ, സബ് രജിസ്ട്രാർക്കോ അല്ലെങ്കിൽ അവരുടെ അനുവാദത്തോടുകൂടിയോ ആരംഭിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ കുറ്റങ്ങൾ, രണ്ടാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരങ്ങളിൽ കുറയാത്ത അധികാരങ്ങൾ പ്രയോഗിക്കുന്ന ഏതെങ്കിലും കോടതിയോ ഉദ്യോഗസ്ഥനോ വിചാരണ ചെയ്യേണ്ടതാണ്.

** ** ** **